# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1089 — 30.09.2016 ൽ മറുപടിക്ക്

## കൊമേഴ്സ്യൽ/റസിഡൻഷ്യൽ കെട്ടിടങ്ങൾ പണിയുന്നതിന് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്: | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്.ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹൈവേ റോഡുകളുടെ സൈഡുകളിൽ ഉള്ളതും വില്ലേജിലെ ബി.റ്റി.ആർ. (Basic Tax Register) പ്രകാരം "നിലം" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ പല സ്ഥലങ്ങളിലും വലിയ കൊമേഴ്സ്യൽ/ റസിഡൻഷ്യൽ കെട്ടിടങ്ങൾ പണിതിരിക്കുന്നത് എന്ത് മാനദണ്ഡത്തിന്റെ (നിയമത്തിന്റെ) അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; | (എ) 19.04.2016 ലെ 130/ആർ.എ 1/16/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശം (3) പ്രകാരം റവന്യൂ രേഖകൾ/ബി.റ്റി.ആർ. എന്നിവയിൽ "നിലം" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ കരട് ഡാറ്റാ ബാങ്കിൽ നെൽവയൽ, നിലം, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്താത്തുമായ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുമ്പ് കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരമുള്ള ജില്ലാ കളക്ടറുടെ അനുമതിയോ അല്ലെങ്കിൽ 2015 ലെ നെൽവയൽ തണ്ണീർത്തട നിയമം വകുപ്പ് 3 എ പ്രകാരമുള്ള ജില്ലാ കളക്ടറുടെ ക്രമവൽക്കരിച്ച ഉത്തരവോ ഉണ്ടോ എന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) ഏത് നിയമ പ്രകാരമാണ് ഇങ്ങനെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ അനുമതി നൽകുന്നത്; വിശദമാക്കുമോ; | (ബി) നഗരസഭകളെ സംബന്ധിച്ച് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 1999 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ എന്നീ നിയമങ്ങൾ പ്രകാരമാണ് അനുമതി നൽകുന്നത്. |
| (സി) ഹൈവേ റോഡ് സൈഡിൽ നിന്നും എത്ര മീറ്റർ ദൂരത്തിൽ കിടക്കുന്ന "നിലം" എന്ന് റവന്യൂ ബി.റ്റി.ആർ.-ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്താണ് കൊമേഴ്സ്യൽ/ഗാർഹിക കെട്ടിടങ്ങൾ പണിയാൻ അനുവദിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) ഹൈവേ റോഡ് സൈഡിൽ നിന്നും 3 മീറ്റർ ദൂരത്തിൽ മാത്രമേ കെട്ടിടങ്ങൾ നിർമ്മിക്കാൻ പാടുള്ളൂ. എന്നാൽ കെട്ടിടങ്ങളുടെ ഏരിയ, ഉപയോഗം മുതലായവ കണക്കിലെടുത്ത് ഈ മിനിമം ദൂരത്തിന് വ്യത്യാസം വരുന്നതാണ്. |

സെക്ഷൻ ഓഫീസർ